**Quotation No. LSGD/JD/TVM/6901/2026-P2 – 001**

# തദ്ദേശസ്വയംഭരണ വകുപ്പ്
# ജില്ലാ കാര്യാലയം, തിരുവനന്തപുരം
(ടൗൺ പ്ലാനിംഗ് വിഭാഗം)

## ക്വട്ടേഷൻ നോട്ടീസ്

തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം ജില്ലാ കാര്യാലയത്തിൽ, ടൗൺ പ്ലാനിംഗ് വിഭാഗത്തിൽ, ജില്ലാ നഗരാസൂത്രകന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി പ്രതിമാസ വാടക നിരക്കിൽ ഒരു എയർ കണ്ടീഷൻണ്ട് വാഹനം (കാർ) ഇന്ധനം ഡ്രൈവർ എന്നിവ ഉൾപ്പെടെ ലഭ്യമാക്കുവാൻ തയ്യാറുള്ള വാഹന ഉടമകളിൽ നിന്നും മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

| | |
|---|---|
| Quotation Number & Quotation Notice Date (ക്വട്ടേഷൻ നമ്പർ & ക്വട്ടേഷൻ നോട്ടീസിന്റെ തീയതി) | LSGD/JD/TVM/6901/2026-P2-001 (28-09-2026) |
| Due date and time for receipt of quotations ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതി & സമയം. | 12-10-2026 - 3:30 PM |
| Date and time for opening of quotations ക്വട്ടേഷൻ തുറക്കുന്ന തീയതി & സമയം. | 12-10-2026 - 4:00 PM |
| Date up to which the rates are to remain firm for acceptance ക്വട്ടേഷനിലെ തുക പ്രാബല്യത്തിൽ നിലനിൽക്കേണ്ട തീയതി | **31-12-2027** |
| Designation & Address of officer to whom the quotation is to be addressed. ക്വട്ടേഷൻ സമർപ്പിക്കേണ്ട കാര്യാലയം & ഉദ്യോഗസ്ഥൻ | **ജില്ലാ നഗരാസൂത്രകൻ, തിരുവനന്തപുരം,** തദ്ദേശ സ്വയംഭരണ വകുപ്പ്, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, അപ്പർ സോൺ, ഫസ്റ്റ് ഫ്ലോർ, ശാന്തിനഗർ, തിരുവനന്തപുരം - 695001. |
| **Superscription:** Quotation for Hiring of Vehicle for use of District Town Planner, Thiruvananthapuram: **ക്വട്ടേഷന്റെ മേലെഴുത്ത്:** തിരുവനന്തപുരം ജില്ലാ നഗരാസൂത്രകന്റെ ഉപയോഗത്തിലേയ്ക്കായി വാഹനം വാടകയ്ക്ക് നൽകുന്നതിനായുള്ള ക്വട്ടേഷൻ. | |

## ക്വട്ടേഷന്റെ നിബന്ധനകൾ

1. വാഹനം തിരുവനന്തപുരം ജില്ലാ നഗരാസൂത്രകന്റെ ആവശ്യാനുസരണം ലഭ്യമാക്കേണ്ടതും, ജില്ലാ നഗരാസൂത്രകന്റെ നിർദ്ദേശപ്രകാരം, ഓഫീസ് സമയത്തിനു മുൻപോ ശേഷമോ, അവധി ദിവസങ്ങളിലോ ഉൾപ്പെടെ, എല്ലാ ദിവസവും പ്രവർത്തന സജ്ജമായിരിക്കേണ്ടതുമാണ്.
2. ലഭ്യമാക്കുന്ന വാഹനം മികച്ച പ്രവർത്തന ക്ഷമത ഉള്ളതും, 2020 വർഷത്തിലോ അതിനുശേഷമോ റെജിസ്റ്റർ ചെയ്തതുമായിരിക്കണം (ആദ്യ റെജിസ്ട്രേഷൻ).
3. ലഭ്യമാക്കുന്ന വാഹനം, ടാക്സി റെജിസ്ട്രേഷൻ ഉള്ളതായിരിക്കണം.
4. ഡ്രൈവർ ഉൾപ്പെടെ 5 പേർക്ക് സഞ്ചാരിക്കാവുന്ന, സെഡാൻ മോഡൽ (Sedan Model) എയർ കണ്ടീഷൻണ്ട് വാഹനമായിരിക്കണം. വൈദ്യുതി വാഹനം ആകുന്ന പക്ഷം, ഒരു ചാർജ്ജിങ്ങിൽ കുറഞ്ഞത് 250 കിലോമീറ്റർ സഞ്ചരിക്കുവാൻ സാധിക്കുന്ന, Sedan or Compact SUV or SUV മോഡൽ വാഹനം ആയിരിക്കണം.
5. പ്രതിമാസം കുറഞ്ഞത് 1250 കിലോമീറ്റർ സഞ്ചരിക്കുന്നതിനുള്ള തുക വാഹന വാടകയായി നൽകുന്നതാണ്. ഒരു കലണ്ടർ മാസം പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ, പൂർത്തിയായ മാസത്തിന്റെ വാടക നൽകുകയുള്ളൂ. കലണ്ടർ മാസം പൂർത്തീകരിക്കുന്നതിന് മുൻപായി

**Quotation No. LSGD/JD/TVM/6901/2026-P2 – 001**

കരാർ റദ്ദ് ചെയ്യുന്ന പക്ഷം, കരാർ തുക പ്രൊ-റേറ്റ അടിസ്ഥാനത്തിൽ കണക്കാക്കുന്നതാണ്.

6. മുൻകൂറായി (അഡ്വാൻസ് ) തുക അനുവദിക്കുന്നതല്ല.
7. പ്രതിമാസം 1250 കിലോമീറ്റർ സഞ്ചരിക്കുന്നതിന് ആവശ്യപ്പെടുന്ന ഏറ്റവും കുറഞ്ഞ നിരക്ക് ക്വട്ടേഷനിൽ വ്യക്തമാക്കേണ്ടതാണ്. ഏതെങ്കിലും ഒരു മാസം വാഹനം അധിക ദൂരം ഉപയോഗിക്കുകയാണെങ്കിൽ, അധികം സഞ്ചരിച്ച ദൂരം (കിലോമീറ്റർ) ആയതിനു മുൻപോ ശേഷമോ ഉള്ള മാസത്തിൽ കണക്കാക്കി ക്രമീകരിക്കുന്നതാണ്. രണ്ട് മാസത്തെ കാലയളവ് ഒരു യൂണിറ്റായി കണക്കാക്കി, രണ്ട് മാസകാലയളവിൽ 2500 കിലോമീറ്ററിൽ അധികമായുള്ള യാത്രയ്ക്ക്, 5 പേർക്ക് സഞ്ചരിക്കാവുന്ന Air Conditioned വാഹനത്തിന് സർക്കാർ നിശ്ചയിച്ച നിരക്കിലുള്ള വാടകയോ, വാഹന ഉടമ ക്വട്ടേഷനിൽ ആവശ്യപ്പെട്ട തുകയോ, ഇവയിൽ ഏതാണോ കുറവ്, ആയത് 2500 കിലോമീറ്ററിൽ അധികമായി സഞ്ചരിച്ച ദൂരത്തിനു മാത്രം നൽകുന്നതാണ്.
8. ഏറ്റവും കുറഞ്ഞ നിരക്ക് ഒന്നിൽ കൂടുതൽ ആളുകൾ രേഖപ്പെടുത്തുന്ന പക്ഷം, അവയിൽ വൈദ്യുതി വാഹനത്തിന് പ്രാമുഖ്യം നൽകുന്നതും, ആയത് തിരഞ്ഞെടുക്കുന്നതുമാണ്.
9. ഒരേ തരത്തിലുള്ള ഒന്നിൽ കൂടുതൽ വാഹനത്തിന്, ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്ന പക്ഷം, അവയിൽ പുതിയ വാഹനത്തിന് (റെജിസ്ട്രേഷൻ തീയതിയുടെ അടിസ്ഥാനത്തിൽ) പ്രാമുഖ്യം നൽകുന്നതും, ആയത് തിരഞ്ഞെടുക്കുന്നതുമാണ്.
10. വാഹനത്തിന്റെ റെജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ക്വട്ടേഷനൊപ്പം സമർപ്പിക്കേണ്ടതാണ്. മറ്റ് രേഖകൾ ഈ കാര്യാലയത്തിൽ നിന്നും ആവശ്യപ്പെടുന്ന മുറയ്ക്ക് സമർപ്പിക്കേണ്ടതാണ്.
11. ജില്ലാ നഗരാസൂത്രകന്റെ നിർദ്ദേശപ്രകാരം ആറു മാസത്തേക്കാണ് (6 Months) ആദ്യ ഘട്ടത്തിൽ വാഹനം ലഭ്യമാക്കേണ്ടത്. ജില്ലാ നഗരാസൂത്രകന്റെ തീരുമാന പ്രകാരം, പ്രസ്തുത കാലയളവ് ഒരു വർഷത്തേയ്ക്കോ ആയതിന്റെ ഭാഗത്തിനായോ, തുടർന്ന് രണ്ടാം വർഷത്തേയ്ക്കോ, ഇതേ വ്യവസ്ഥകൾ നിലനിർത്തി ദീർഘിപ്പിക്കാവുന്നതാണ്.
12. ഏതെങ്കിലും ദിവസം പ്രസ്തുത വാഹനം ലഭ്യമാക്കുവാൻ സാധിക്കുന്നില്ലാ എങ്കിൽ, പകരം ഒരു സമാന വാഹനം, വാഹന ഉടമ സ്വന്തം ചിലവിൽ ലഭ്യമാക്കേണ്ടതാണ്. അപ്രകാരം വാഹനം ലഭ്യമാക്കുന്നില്ലാ എങ്കിൽ, പകരം വാഹനം വാടകയ്ക്ക് എടുത്ത തുകയോ, പ്രതി ദിനം ആയിരത്തി അഞ്ഞൂറ് രൂപയോ (Rs. 1500/-), ഏതാണോ അധികം, ആയത് മാസവാടകയിൽ നിന്നും കുറവ് ചെയ്യുന്നതാണ്.
13. തിരുവനന്തപുരം ജില്ലാ നഗരാസൂത്രണ കാര്യാലയവുമായി ബന്ധപ്പെട്ട്, തിരുവനന്തപുരം ജില്ലയ്ക്ക് ഉള്ളിൽ മാത്രമുള്ള ഔദ്യോഗിക യാത്രകൾക്കായിട്ടാണ് സാധാരണ ഗതിയിൽ വാഹനം ഉപയോഗിക്കുക.
14. ഡ്രൈവറുടെ വേതനം, ഡ്രൈവറുടെ ബത്ത, ഇന്ധനം, വാഹന ഇൻഷുറൻസ്, മെയിന്റനൻസ്, സ്പെയർ പാർട്ട്സ്, എല്ലാത്തരം നികുതികൾ, ബാധകമായ മറ്റ് ഫീസുകൾ / ചാർജ്ജുകൾ എന്നിവയെല്ലാമുൾപ്പെടെ ആയിരിക്കണം വാഹനം ലഭ്യമാക്കുന്നതിനായി ആവശ്യപ്പെടുന്ന പ്രതിമാസ വാടക.
15. ടി കാലയളവിൽ ഡ്രൈവറുടെ വേതനം, ഡ്രൈവറുടെ ബത്ത, ഇന്ധനം, വാഹന ഇൻഷുറൻസ്, മെയിന്റനൻസ്, സ്പെയർ പാർട്ട്സ്, എല്ലാത്തരം നികുതികൾ, വാഹനത്തിനു ചുമത്തപ്പെടുന്ന പിഴകൾ, മറ്റ് ആകസ്മിക ചിലവുകൾ, നിയമപരമായി ഒടുക്കേണ്ട മറ്റ് തുകകൾ, വാഹന ഉപയോഗവുമായി ബന്ധപ്പെട്ട മറ്റ് ചിലവുകൾ, വാഹന ഉപയോഗവുമായും വാഹനമായും ബന്ധപ്പെട്ട മറ്റ് ബാധ്യതകൾ എന്നിവ എല്ലാം തന്നെ വാഹന ഉടമ വഹിക്കേണ്ടതാണ്.
16. വാഹനത്തിന്റെ ഏതെങ്കിലും വിധത്തിലുള്ള നാശനഷ്ടത്തിനോ, അപകടങ്ങൾക്കോ, Third Party Claim-നോ, ട്രാഫിക് നിയമ ലംഘനങ്ങൾക്കോ, മറ്റ് നഷ്ടങ്ങൾക്കോ, ആകസ്മിക ചിലവുകൾക്കോ ജില്ലാ നഗരാസൂത്രകനോ, വാഹനം ഉപയോഗിക്കുന്ന ഉദ്യോഗസ്ഥരോ, തദ്ദേശ സ്വയംഭരണ വകുപ്പോ, കേരള സർക്കാരോ ഉത്തരവാദി ആയിരിക്കുന്നതല്ല.
17. വാഹന ഉടമ, വാഹനവും സേവനവും ലഭ്യമാക്കുന്നതിനായി തിരുവനന്തപുരം ജില്ലാ നഗരാസുത്രകനുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. വാഹനത്തിന്റെ റെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇൻഷ്വറൻസ്, ഫിറ്റ്നസ്സ്, മലിനീകരണ സർട്ടിഫിക്കറ്റ്, റോഡ് നികുതി ഒടുക്കിയ രേഖ, പെർമിറ്റ്, ഡ്രൈവറുടെ ഡ്രൈവിംഗ് ലൈസൻസ്, വാഹന ഉടമയുടെ

**Quotation No. LSGD/JD/TVM/6901/2026-P2 – 001**

തിരിച്ചറിയൽ രേഖ എന്നിവയുടെ പകർപ്പുകൾ കരാറിൽ ഏർപ്പെടുന്നതിനു മുൻപായി, ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

18. വാഹനത്തിന്റെ എല്ലാ രേഖകളും, ബാധകമായ നിയമങ്ങൾ / ചട്ടങ്ങൾ പ്രകാരം വാഹന ഉടമ സൂക്ഷിക്കേണ്ടതും, ആവശ്യപ്പെടുന്ന പക്ഷം പരിശോധയ്ക്ക് ഹാജരാക്കേണ്ടതുമാണ്. നിയമപ്രകാരം ആവശ്യമായ ഇൻഷ്വറൻസ് പരിരക്ഷ എല്ലാ സമയത്തും ലഭ്യമാണ് എന്ന് വാഹന ഉടമ ഉറപ്പാക്കേണ്ടതാണ്.
19. വാഹനം, വൃത്തിയായി സൂക്ഷിക്കേണ്ടതും, ആയതിന്റെ Air Conditioner ഉൾപ്പെടെ എല്ലാ സംവിധാനങ്ങളും പ്രവർത്തനക്ഷമമാണ് എന്ന് ഉറപ്പാക്കേണ്ടതുമാണ്.
20. ക്വട്ടേഷനുകൾ, ഒട്ടിച്ച / സീൽ ചെയ്ത കവറിൽ **"വാഹനം വാടകയ്ക്ക് ലഭ്യമാക്കുന്നതിനുള്ള ക്വട്ടേഷൻ"** എന്ന മേലെഴുത്തോടുകൂടി 12/10/2026 (തിങ്കൾ) 3:30 PM–നു മുൻപായി, ജില്ലാ നഗരാസൂത്രകന്റെ കാര്യാലയത്തിൽ (ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, അപ്പർ സോൺ, ഫസ്റ്റ് ഫ്ലോർ, ശാന്തിനഗർ, തിരുവനന്തപുരം – 695001) സമർപ്പിക്കാവുന്നതാണ്. ലഭിച്ച ക്വട്ടേഷനുകൾ അന്നേ ദിവസം 4:00 മണിക്ക് ഹാജരുള്ള ക്വട്ടേഷൻ സമർപ്പിച്ചവരുടെ സാന്നിദ്ധ്യത്തിൽ തുറന്നു പരിശോധിക്കുന്നതാണ്.
21. ക്വട്ടേഷൻ ഇതോടൊപ്പം ചേർത്തിരിക്കുന്ന Quotation Form–ൽ (ക്വട്ടേഷൻ ഫോറം)–ൽ കൃത്യമായി പൂരിപ്പിച്ചു സമർപ്പിക്കേണ്ടതാണ്.
22. ഏതൊരു ക്വട്ടേഷനും, കാരണം കാണിക്കാതെ നിരസിക്കുവാൻ ജില്ലാ നഗരാസൂത്രകന് അധികാരമുണ്ടായിരിക്കുന്നതാണ്.

Digitally signed by
Denzil Fernandez
Date: 28-09-2026
12:33:04

**ഡെൻസിൽ ഫെർണാണ്ടസ്**
**ജില്ലാ ടൗൺ പ്ലാനർ**

**സ്ഥലം :** തിരുവനന്തപുരം

**തീയതി : 28–09–2026**

**Quotation No. LSGD/JD/TVM/6901/2026-P2 – 001**

## തിരുവനന്തപുരം ജില്ലാ നഗരാസൂത്രകന്റെ ഉപയോഗത്തിലേയ്ക്കായി വാഹനം വാടകയ്ക്ക് നൽകുന്നതിനായുള്ള ക്വട്ടേഷൻ

**ക്വട്ടേഷൻ ഫോറം**

വാഹനത്തിന്റെ നമ്പർ :

വാഹനത്തിന്റെ നിർമ്മാതാവ് & മോഡൽ :

ആദ്യ റെജിസ്ട്രേഷൻ വർഷം :

| നം | വിവരണം | നിരക്ക് (രൂപ) (അക്കത്തിൽ) | നിരക്ക് (രൂപ) (വാക്കുകളിൽ) |
|---|---|---|---|
| 1 | മൊത്തം 5 പേർക്ക് സഞ്ചരിക്കാവുന്ന, എയർ കണ്ടിഷൻണ്ട് വാഹനം, (Sedan Model or Electric Sedan or Electric Compact SUV Model), പ്രതിമാസം 1250 കിലോമീറ്റർ സഞ്ചരിക്കുന്നതിന് ആവശ്യപ്പെടുന്ന നിരക്ക്. (ഡ്രൈവർ ഉൾപ്പെടെ). **(എല്ലാ നികുതികളും ഉൾപ്പെടെ)** | | |
| 2 | രണ്ട് മാസകാലയളവിൽ 2500 കിലോമീറ്ററിൽ അധികമായുള്ള യാത്രയ്ക്ക്, ഓരോ കിലോമീറ്ററിനും ഉള്ള നിരക്ക്. **(എല്ലാ നികുതികളും ഉൾപ്പെടെ)** | | |
| Note:- ഡ്രൈവറുടെ വേതനം, ഡ്രൈവറുടെ ബത്ത, ഇന്ധനം, വാഹന ഇൻഷ്വറൻസ്, മെയിന്റനൻസ്, സ്പെയർ പാർട്ട്സ്, നികുതികൾ, വാഹനത്തിനു ചുമത്തപ്പെടുന്ന പിഴകൾ, മറ്റ് ആകസ്മിക ചിലവുകൾ, നിയമപരാമായി ഒടുക്കേണ്ട മറ്റ് തുകകൾ, വാഹന ഉപയോഗവുമായി ബന്ധപ്പെട്ട മറ്റ് ചിലവുകൾ, നികുതികൾ, GST എന്നിവ എല്ലാം ഉൾപ്പെടെയുള്ള തുകയാണ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. | | | |

**സ്ഥലം :** **ഒപ്പ് :**

**തീയതി :** **വാഹന ഉടമയുടെ പേര് :**

**മേൽവിലാസം & മൊബൈൽ നമ്പർ :**

**Notes:**

1. വാഹന റെജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ക്വട്ടേഷനൊപ്പം സമർപ്പിക്കേണ്ടതാണ്.
2. പ്രതിമാസം 1250 കിലോമീറ്റർ സഞ്ചരിക്കുന്നതിന് ആവശ്യപ്പെടുന്ന നിരക്കിന്റെ അടിസ്ഥാനത്തിൽ (നം.1) ആയിരിക്കും, കുറഞ്ഞ തുക ആവശ്യപ്പെട്ട ക്വട്ടേഷൻ തിരഞ്ഞെടുക്കുന്നത്.
3. 2020 വർഷത്തിലോ അതിനു ശേഷമോ റെജിസ്റ്റർ ചെയ്ത, ഡ്രൈവർ ഉൾപ്പെടെ 5 പേർക്ക് സഞ്ചാരിക്കാവുന്ന, സെടാൻ മോഡൽ (Sedan Model) എയർ കണ്ടിഷൻണ്ട് വാഹനമായിരിക്കണം. വൈദ്യുതി വാഹനം ആകുന്ന പക്ഷം, ഒരു ചാർജ്ജിങ്ങിൽ കുറഞ്ഞത് 250 കിലോമീറ്റർ സഞ്ചരിക്കുവാൻ സാധിക്കുന്ന, Sedan or Compact SUV or SUV എയർ കണ്ടിഷൻണ്ട് വാഹനം ആയിരിക്കണം.